(സി) സംസ്കൃത സർവ്വകലാശാല നിയമത്തിൽ അഫിലിയേഷൻ നൽകാൻ വ്യവസ്ഥയില്ല.

(ഡി) വേദാന്തം മാത്രമായി എം. എ. യ്ക്ക് 23 കുട്ടികളും പഠിക്കുന്നുണ്ട് സർവ്വകലാശാലയിലെ എല്ലാ വിദ്യാർത്ഥികളും സംസ്കൃതം പഠിക്കുന്നവരാണ്.

പുതിയ ഗ്രന്ഥശാലാ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ലൈബ്രറി കൗൺസിൽ

28. [1513] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഗ്രന്ഥശാലാ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട ലൈബ്രറി കൗൺസിലിന് സംസ്ഥാന ഗവൺമെന്റ് എന്തു തുകയുടെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കൗൺസിലിന് എന്തു തുക ഗ്രാന്റ് കുടിശ്ശിക ഉണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കുടിശ്ശിക നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുക ?

ഉത്തരം

(എ) 1994-95 വർഷം–1, 83, 67, 273 രൂപ.
1995-96 വർഷം (ഇതുവരെ) 1, 72, 72, 500 രൂപ.

(ബി) ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതിലും കൂടുതൽ തുക വീണ്ടും വകകൊള്ളിച്ചു നൽകിയിട്ടുണ്ട്. ആ സ്ഥിതിക്ക് കുടിശ്ശിക നൽകാനില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യവ്യക്തികൾക്ക് നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടത്തുക

29. [1515] ശ്രീ. ടി. കെ. രാമകൃഷ്ണൻ :
,, എ. കണാരൻ :
,, പാച്ചേനി കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടത്തുക പുതുക്കാത്തതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് ഹെക്ടർ ഒന്നിന് പ്രതിവർഷമുള്ള പാട്ടത്തുക എത്ര ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന വനഭൂമിക്ക് പാട്ടത്തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത പാട്ടത്തുക എന്നാണ് നിശ്ചയിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly